# SECOND YEAR HIGHER SECONDARY EXAMINATION, MARCH 2021

Part – II

Time : $2\frac{1}{2}$ Hours

# മലയാളം

Cool-off time : 20 Minutes

## (MALAYALAM)

Maximum : 80 Scores

*വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :*

- 20 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- 1 മുതൽ 36 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 80 സ്കോർ ആയിരിക്കും.

**1 മുതൽ 36 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 80 സ്കോർ ആയിരിക്കും.**

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്ക് സൂചനകളിൽ നിന്ന് ഉത്തരം തിരഞ്ഞെടുത്തെഴുതുക. 2 സ്കോർ വിതം. (5 × 2 = 10)**

1. 'കിരാതവൃത്തം' എന്ന കവിതയിൽ കണ്ടെത്താവുന്ന രണ്ട് ആശയസൂചനകൾ എഴുതുക.

- ചൂഷണത്തിൽ അധിഷ്ഠിതമായ നാഗരികത
- നാഗരിക ജീവിതത്തിന്റെ ആസ്വാദ്യത
- ആവാസ വ്യവസ്ഥയ്ക്കുമേലുള്ള അധിനിവേശം
- വ്യവസായവൽക്കരണത്തിന്റെ ഗുണങ്ങൾ

2. ശകുന്തളയുടെ വാക്കുകളിൽ നിന്നു ദുഷ്ഷന്തൻ എന്ന കഥാപാത്രത്തിന് യോജിക്കുന്ന രണ്ടു പ്രസ്താവനകൾ കണ്ടെത്തുക.

- കടുകിന്മണി മാത്രമുള്ള പരദോഷം കാണുന്നയാൾ
- പ്രജാവത്സലൻ
- സജ്ജനങ്ങളെ നിന്ദിക്കുന്നയാൾ
- സാരജ്ഞൻ

3. താഴെ തന്നിരിക്കുന്ന സൂചനകളിൽ നിന്നു കാക്കാരശ്ശി നാടകത്തിന് അനുയോജ്യമായവ തിരഞ്ഞെടുക്കുക.

- സാമൂഹിക വിമർശനം ലക്ഷ്യമാക്കുന്നില്ല
- സംഗീതം, നൃത്തം, അഭിനയം എന്നിവയ്ക്ക് പ്രാധാന്യം
- നാടോടി നാടക ഗാനശാഖയിൽപ്പെടുന്നു
- സ്ത്രീകഥാപാത്രങ്ങൾ കടന്നു വരുന്നില്ല

4. പുലിക്കോട്ടിൽ ഹൈദരുടെ കൃതികൾക്ക് അനുയോജ്യമായവ കണ്ടെത്തുക

- ഗാർഹിക പ്രശ്നങ്ങൾ കടന്നു വരുന്നില്ല
- ഏറനാടൻ ഭാഷയുടെ സാന്നിധ്യം
- സ്ത്രീ പക്ഷപാതിത്വം
- അറബി നാടുകളിലെ കഥകൾ മാത്രം സ്വീകരിച്ചു

5. കലാമണ്ഡലം ഹൈദരലിയുടെ കലാജീവിതവുമായി ബന്ധപ്പെട്ട യോജിച്ച രണ്ടു പ്രസ്താവനകൾ എഴുതുക.

- ജന്മസിദ്ധിയും സാധനയും ആ കലാകാരനെ രൂപപ്പെടുത്തി.
- സമുദായത്തിന്റെ ചട്ടക്കൂടിനകത്തുനിന്നു കലാപഠനം നടത്തി
- പ്രതിബന്ധങ്ങളെ തരണം ചെയ്യാൻ കല സഹായിച്ചു.
- ഇതരമതസ്ഥർ സഹായം നിഷേധിച്ചു.

**6 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക് 2-3 വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(6 × 2 = 12)**

6. ടോട്ടോയ്ക്കും ജോവലിനും പാകതവരുന്നു എന്ന് അച്ഛനു തോന്നിയത് എന്തുകൊണ്ട്?

7. ബാഹുകൻ നളൻ തന്നെയെന്നു കേശിനി ഉറപ്പിച്ചതിന് രണ്ടു കാരണങ്ങൾ എഴുതുക.

8. 'പുരുഷന്റെ അഹന്ത ഗൗളി ജന്മത്തിലും തീർത്തും തേഞ്ഞുപോയിരുന്നില്ല' എന്നു പറയാൻ കാരണമെന്ത്?

9. 'അലകടലിൻ വേരുപറിക്കാൻ കുതറി കാട്ടാളൻ' ഇവിടെ തെളിയുന്ന ഭാവമെന്ത്?

10. 'ദേവസ്യയ്ക്ക് ചിരി അടങ്ങാതെ പോയി' എന്തുകൊണ്ട്?

11. 'കമ്പ്യൂട്ടർ, തത്ത്വവിചാരങ്ങളുടെ ഘാതകനാണ്' – എന്ന് ശ്രീധരന് തോന്നാനിടയായത് എന്തുകൊണ്ട് ?

12 മുതൽ 21 വരെയുള്ള ചോദ്യങ്ങൾക്ക് അരപ്പുറത്തിൽക്കവിയാതെ ഉത്തരമെഴുതുക

4 സ്കോർ വീതം.

(10 × 4 = 40)

12. 'നല്ലനായിരിപ്പവൻ നല്ലതു ഗ്രഹിച്ചിടും' ഈ പസ്താവനയിലൂടെ ദുഷ്ഷന്ത മഹാരാജാവിന് ശകുന്തള നൽകുന്ന സന്ദേശമെന്ത്? വ്യക്തമാക്കുക.

13. നളൻ ബുദ്ധിമാനാണെന്ന് കേശിനി തിരിച്ചറിഞ്ഞതെങ്ങനെ? വിശദമാക്കുക.

14. 'പിറവിയിലുള്ളൊരു ജാതകദോഷം

കുറയല്ലതുകൊണ്ടിങ്ങനെ നമ്മെ

കുറവു പറഞ്ഞു നശിപ്പിക്കുന്നു

കുറവറ്റീടിന മുനികുലനാഥൻ' ശീലാവതിയുടെ ഈ വാക്കുകളുടെ പൊരുൾ വ്യക്തമാക്കുക.

15. 'വെളിച്ചത്തിനു പിന്നിൽ ഒരു ചതിയുണ്ട്' ഇങ്ങനെ ദിവാകരന് തോന്നാനിടയായത് എന്തുകൊണ്ട്? വിശദമാക്കുക.

16. മഴനീരിനുവേണ്ടി മാനം നോക്കിയിരുന്ന കാട്ടാളനുണ്ടായ അനുഭവമെന്തായിരുന്നു? വിശദമാക്കുക.

17. അധികാരകേന്ദ്രങ്ങളെ അടിച്ചുതളിച്ചു വൃത്തിയാക്കാൻ അടിസ്ഥാനവർഗ്ഗം ഉണരണം എന്ന സൂചന 'അടിച്ചുതളിക്കാരി' എന്ന കഥാപാത്രം നൽകുന്നുണ്ടോ? വിശദമാക്കുക.

18. 'ഹൃദയത്തിൽ കൊത്തി വലിക്കുമ്പോഴും അത് സുഖമുള്ള അനുഭവമായിരുന്നു' സച്ചിന്റെ വിടവാങ്ങൽ പ്രസംഗത്തെ കെ. വിശ്വനാഥ് ഇങ്ങനെ വിശേഷിപ്പിച്ചത് എന്തുകൊണ്ട്? വിശദമാക്കുക.

19. കലാമണ്ഡലത്തിൽ വച്ച് ഹൈദരലിയെ വേദനിപ്പിച്ച രണ്ടു സംഭവങ്ങൾ എഴുതുക.

20. വിദൂഷകൻ, കൊത്തുവാൾ, രാജഗുരു – ഇവർ അധികാര കേന്ദ്രങ്ങളിലെ ജീർണ്ണതയുടെ പ്രതിനിധികളാണോ ? കുറിപ്പ് തയ്യാറാക്കുക.

21. പൗരാണിക സ്മൃതികളുടെ പൂങ്കാവനമെന്ന് എസ്. കെ. പൊറ്റെക്കാട് വിശേഷിപ്പിക്കുന്നതെന്തിനെ ? വിശദമാക്കുക.

**22 മുതൽ 32 വരെയുള്ള ചോദ്യങ്ങൾക്ക് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

**6 സ്കോർ വീതം.** **(11 × 6 = 66)**

22. 'വേണ്ടപ്പെട്ടവരുടെ ചിത്രങ്ങൾ കണ്ടാൽ തിരിച്ചറിയാൻ കഴിയുമെന്ന് എന്താ ഉറപ്പ്' – കച്ചവടക്കാരന്റെ ചോദ്യം ദിവാകരന്റെ തുടന്നുള്ള അന്വേഷണത്തെ സ്വാധീനിക്കുന്നുണ്ടോ ? വിശദമാക്കുക.

23. 'മാതൃഭാഷയിലുള്ള ജ്ഞാനം ശരിയായതും വേഗത്തിലുമുള്ള ചിന്തയ്ക്ക് കാരണമാകുന്നു' ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ മാതൃഭാഷാ പഠനത്തിന്റെ സാധ്യതയെപ്പറ്റി ഉപന്യസിക്കുക.

24. 'കരിമരണം കാവലിരിക്കും
കടുനോവിൻ കോട്ടയിലോ ഞാൻ' – കാട്ടാളൻ ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത് ? വിശദമാക്കുക.

25. " 'വിശപ്പ്' അധികാരകേന്ദ്രങ്ങളെ അസ്വസ്ഥമാക്കുന്നതു പോലെ 'ഭയം' സാധാരണക്കാരനെ അവിടെ നിന്നും അകറ്റുന്നു" – അഗ്നിവർണ്ണന്റെ കാലുകൾ നാടകത്തിലെ കേവലരാമൻ, വിദൂഷകൻ എന്നീ കഥാപാത്രങ്ങളെ മുൻനിർത്തി വിലയിരുത്തുക.

26. 'ചെയ്യേണ്ടത് ചെയ്തിട്ട് ഈ പിള്ളേർ ഒരാണിപോലും സമ്മാനമായി വാങ്ങില്ല' – പ്രകാശം ജലം പോലെയാണ് എന്ന കഥയിലെ അമ്മയുടെ പ്രസ്താവനയിൽ എന്തു മനോഭാവമാണ് ഉള്ളത് ? വിശദീകരിക്കുക.

27. 'നളനില്ലൊരപരാധം പോൽ,ഉണ്ടെന്നാകിലും
കുലനാരിക്കരുത് കോപം പോൽ' – കേശിനിയുടെ
ഈ വാക്കുകൾ ഏതുകാലത്തും സ്ത്രീയോടുള്ള സമൂഹത്തിന്റെ പൊതു നിലപാടുകൂടിയാണോ ? വ്യക്തമാക്കുക.

28. മത്തേഭം, ക്രുദ്ധസർപ്പം അരയന്നം – എന്നീ സൂചനകളിൽ പ്രകടമാകുന്ന ശകുന്തളയുടെ ജിവിത പശ്ചാത്തലവും ലോകവീക്ഷണവും വ്യക്തമാക്കുക.

29. 'സാമൂഹിക വിമർശനത്തോടൊപ്പം ഭാര്യാഭർത്തൃ ബന്ധത്തിന്റെ അകക്കാഴ്ചകൾ കൂടിയാണ് കാക്കാരശ്ശിനാടകം' സ്വാഭിപ്രായം വ്യക്തമാക്കുക.

30. 'ജനാധിപത്യത്തിന്റെ തിരുത്തൽ ശക്തികൂടിയാണ് നവമാധ്യമങ്ങൾ' ഉദാഹരണ സഹിതം വിശദമാക്കുക.

31. 'അനേകം നിർഭാഗ്യങ്ങളോടൊപ്പം സംഭവിച്ച ചില ഭാഗ്യങ്ങളുടെ പേരിലാണ് ഞാനിന്നു ജിവിക്കുന്നത്' ഹൈദരലി ഇങ്ങനെ പറയാനിടയായത് എന്തുകൊണ്ട് ? വിശദീകരിക്കുക.

32. പാരമ്പര്യവും പ്രായോഗികതയും അവകാശപ്പെടുന്നതോടൊപ്പം അഹന്തയിലും വിശ്വാസങ്ങളിലും ആഴ്ന്നിറങ്ങിയവരുടെ പ്രതിനിധിയായി ആൺഗൗളിയുടെ പ്രസ്താവനകളെ കാണാനാകുമോ? വിലയിരുത്തുക.

33 മുതൽ 36 വരെയുള്ള ചോദ്യങ്ങൾക്ക് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8 സ്കോർ വീതം. (4 × 8 = 32)

33. സാമുദായികമായ കെട്ടുപാടുകൾക്കിടയിലും നന്മ നശിച്ചു പോയിട്ടില്ല എന്നത് കലാമണ്ഡലം ഹൈദരലിയുടെ ജീവിതത്തിൽ എത്രത്തോളം ശരിയാണ്. വിശദമാക്കുക.

34. 'കൈയൊപ്പില്ലാത്ത സന്ദേശം' എന്ന കഥയിലെ ടി.പി. ശ്രീധരന്റെ ജീവിതത്തിൽ കമ്പ്യൂട്ടർ വാങ്ങുകയും ഇന്റർനെറ്റ് കണക്ഷൻ എടുക്കുകയും ചെയ്തതിനുശേഷം സംഭവിച്ച മാറ്റമെന്തായിരുന്നു. വിശദീകരിക്കുക.

35. പരിമിതികൾക്കിടയിലും ഭാവനാശേഷികൊണ്ടു ചുറ്റുപാടുകളെ മാറ്റിത്തീർക്കാൻ കഴിയുമോ ? 'പ്രകാശം ജലം പോലെയാണ്' എന്ന കഥയിലെ കുട്ടികളുടെ ലോകം മുൻനിർത്തി വിലയിരുത്തുക.

36. കമ്പോളാധിഷ്ഠിതവും ചതിക്കുഴികൾ നിറഞ്ഞതുമായ ലോകത്ത് ഒറ്റപ്പെട്ടുപോകുന്ന മനുഷ്യന്റെ പ്രതിനിധിയാണോ ദിവാകരൻ. വിശദമാക്കുക.

---